# നിയ 13:12 – 18
# മത്താ. 8:23 – 34 (8:23 – 9:9)

ഒക്ടോബർ 28 ഏലിയാ സ്ലീവാ മൂശ ഒൻപതാം ഞായർ

## ഭാഷ്യം
## നിയ 13:12 – 18
## ഭാഷ്യം
### I. സന്ദർഭം

നിയ 13-ാം അദ്ധ്യായത്തിൽ ഇസ്രായേൽ ജനത്തെ സത്യദൈവമായ യാഹ് വെയെ പിന്തുണക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കാൻ ഒരുമ്പെടുന്ന വ്യക്തികളെ എന്തു ചെയ്യണം എന്ന് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ജനത്തിന്റെയിടയിൽ നിന്ന് ഒരു പ്രവാചകനോ സ്വപ്നവിശകലനക്കാരനോ ആ ദുഷ്കൃത്യം ചെയ്തെന്നുവരാം (13:1–5). സ്വന്തം സഹോദരനോ മകനോ മകളോ ഭാര്യയോ ആത്മസുഹൃത്തോ ആകാമത് (13:6–11). അതുമല്ലെങ്കിൽ സമൂഹത്തിൽപ്പെട്ടവർ ആരെങ്കിലുമോ ആകാം (13:12–18) ഇതു ചെയ്യുന്നത്. ഈ മൂന്നാമത്തെ വിഭാഗത്തെ എന്തുചെയ്യണം എന്നാണ് ഇന്നത്തെ വായന ജനത്തെ ഓർമപ്പെടുത്തുന്നത്.

### II. പ്രമേയം

1. കല്ലെറിഞ്ഞു കൊല്ലുകയെന്നത് ആധുനിക കാലഘട്ടത്തിന്റെ സാഹചര്യത്തിൽ പ്രാകൃതമായി തോന്നാമെങ്കിലും പുരാതനകാലത്തെ ചിന്തയനുസരിച്ച്, സമൂഹത്തിൽ സംജാതമായ തിന്മയുടെ ഒരവസ്ഥാ വിശേഷം സമൂഹം ഒന്നുചേർന്ന് ഇല്ലായ്മ ചെയ്യാൻ ശ്രമിക്കണം എന്നാണ് അത് ലക്ഷ്യം വച്ചിരിക്കുന്നത്.

2. ഏതൊരു വിധത്തിലുമുള്ള ശിക്ഷയാണെങ്കിലും അതു നടപ്പിൽ വരുത്തുന്നതിനു മുമ്പ് അതിനെപ്പറ്റി അന്വേഷിക്കുകയും പരിശോധിക്കുകയും സൂക്ഷ്മമായി വിചാരണ നടത്തുകയും വേണം (13:15).

### III. സന്ദേശം

1. കുടുംബ ബന്ധങ്ങളും സാമൂഹ്യ കെട്ടുപാടുകളും ചിലപ്പോഴെങ്കിലും വിശ്വാസ ജീവിതത്തിലെ മൂല്യങ്ങളുമായി സംഘട്ടനത്തിൽ വരാം. അങ്ങനെയുള്ള സാഹചര്യങ്ങളിൽ മുൻഗണന നൽകേണ്ടത് ഇവയിൽ ഏതിനാണെന്ന പ്രശ്നം പലരേയും അലട്ടാറുണ്ട്.

എന്നെക്കാൾ അധികമായി അച്ഛനെയോ അമ്മയെയോ കുടുംബത്തെയോ

മക്കളെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല എന്ന യേശുവിന്റെ വചനങ്ങളാണ് (ലൂക്കാ 14:26) വിശ്വാസിക്ക് ഇവിടെ മാർഗനിർദ്ദേശമായി നിലകൊള്ളേണ്ടത്. അപ്പസ്തോലന്മാരുടെ ജീവിതത്തിൽ ഇതുപോലൊരു സംഭവം കാണാം (അപ്പ 4:19). പത്രോസും യോഹന്നാനും അന്ന് യഹൂദ നേതൃത്വത്തോട് പറഞ്ഞത് മനുഷ്യരേക്കാൾ ഞങ്ങൾ കൂടുതലായി ദൈവത്തെ അനുസരിക്കാൻ കടപ്പെട്ടവരാണ് (അപ്പ 4:18–20) എന്നത്രേ.

2. പഴയനിയമത്തിലെ കാഴ്ചപ്പാടുകൾ അല്ല പുതിയ നിയമത്തിൽ വിശ്വാസ ത്യാഗം ചെയ്യുന്നവരോട് വച്ച് പുലർത്തേണ്ടത്. അവിടെ യാഹ്‌വെയെ തിരസ്ക്കരിക്കുന്നവരെ ശത്രുക്കളായി കാണുന്ന പതിവാണുണ്ടായിരുന്നത്. പുതിയ നിയമത്തിലാകട്ടെ ശത്രുക്കളെ സ്നേഹിക്കാനുള്ള കൽപനയാണ് (മത്താ 5:44) നമുക്കു ലഭിച്ചിരിക്കുന്നത്. മത ത്യാഗത്തിനു പ്രേരിപ്പിക്കുന്ന ഘടകം സ്വന്തം ആളുകളിൽ നിന്നാണെങ്കിൽപ്പോലും അതിനു വഴങ്ങാതെ ധീരമായി ത്യാഗം സഹിച്ചുകൊണ്ടുപോലും വിശ്വാസം കാത്തുസൂക്ഷിക്കാൻ നാം തയ്യാറാകണം.

**ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

# മത്താ. 8:23 – 34 (8:23 – 9:9)

## I. സന്ദർഭം

മറിയത്തിന്റെ മകനായ യേശു, ക്രിസ്തുവും ദൈവപുത്രനുമാണെന്നാണ് മത്തായിയുടെ സുവിശേഷത്തിന്റെ ആരംഭത്തിൽ പറയുന്നത് (1:1–4:11). തുടർന്ന്, ദൈവപുത്രനായ യേശു സ്വർഗരാജ്യത്തിൽ പ്രവേശിക്കാനും ദൈവപുത്രനാകാനുമുള്ള വഴി പഠിപ്പിക്കുന്നു (4:12– 11:1). ഇതിന്റെ ആദ്യ പകുതിയിൽ വാക്കുകളിലൂടെയുള്ള പഠനവും (5:1–7:28) തുടർന്ന് പ്രവൃത്തികളിലൂടെയുള്ള പഠനവുമാണ് (8:1–9:38). ഈ രണ്ടാം ഭാഗത്ത് 10 അത്ഭുതങ്ങളാണ് വിവരിക്കപ്പെടുന്നത്. അതിൽ മൂന്നെണ്ണമാണ് ഇന്നത്തെ സുവിശേഷഭാഗം (8: 23–34).

## II. പ്രമേയം

കൊടുങ്കാറ്റിനെ ശാന്തമാക്കുന്ന അത്ഭുതവും പിശാചുബാധിതരെയും തളർവാതക്കാരനെയും സുഖപ്പെടുത്തുന്ന അത്ഭുതവുമാണ് വചനഭാഗം. യേശു ആരാണ് എന്ന തിരിച്ചറിവാണ് മൂന്നിന്റെയും പ്രധാന പ്രമേയം. ശിഷ്യർ ചോദിക്കുന്നത് ഇവൻ ആരാണെന്നാണ് (8: 27). പിശാചുബാധിതർ വിളിച്ചുപറയുന്നത് യേശു ദൈവപുത്രനാണെന്നാണ് (8:29). പാപങ്ങൾ ക്ഷമിക്കാനുള്ള അധികാരമുള്ളവനാണ് താനെന്നാണ് യേശു പറയുന്നത് (9:6). യേശു ദൈവപുത്രനാണെന്ന് തിരിച്ചറിയുകയും അവനെ ആശ്രയിക്കുകയും, അവന് ഒന്നാം സ്ഥാനം കൊടുക്കുകയുമാണ് (8:34) ക്രിസ്തുശിഷ്യരുടെ കടമ.

## III. സന്ദേശം

1. ഉയരുന്ന തിരമാലകളുടെ മുമ്പിൽ ശിഷ്യർ പ്രാർത്ഥിക്കുന്നത് ‘കർത്താവേ രക്ഷിക്കണേ എന്നാണ്’ (8:25). എല്ലാ പ്രതിസന്ധികളിലും നിന്റെ പ്രതികര

ണവും ഇതായിരിക്കണം. തമ്പുരാന്റെ അടുത്ത് ചെല്ലാനും കർത്താവേ രക്ഷിക്കണം എന്ന് നിലവിളിക്കാനും നിനക്കാകണം. അപ്പോഴാണ് യേശു നിനക്കായി ഇടപെടുന്നത്.

എല്ലാ പ്രതിസന്ധികളും നിന്റെ രക്ഷയ്ക്കുള്ള സാധ്യതയാണ് നിന്റെ മുമ്പിലേക്ക് വച്ച് നീട്ടുന്നത്. കാരണം അപ്പോഴെല്ലാം കർത്താവിന്റെ അടുത്തെത്താനും രക്ഷയ്ക്കായി നിലവിളിക്കാനും നിനക്കാകുന്നു. അപ്പോഴെല്ലാം തമ്പുരാൻ നിനക്കായി ഇടപെടുകയും നീ രക്ഷപ്പെടുകയും ചെയ്യുന്നു. അതിനാൽ പ്രതിസന്ധികളും ക്ലേശങ്ങളും തമ്പുരാന് നിന്റെ ജീവിതത്തിൽ ഇടപെടാനുള്ള അവസരങ്ങളും നിന്റെ രക്ഷയ്ക്കുള്ള സാധ്യതകളുമാണെന്ന് നീ തിരിച്ചറിയണം.

2. പിശാചുബാധിതർ അപകടകാരികളായിരുന്നു (8:28). ഇത് യേശു അവരുടെ ജീവിതത്തിൽ ഇടപെടുന്നതിന് മുമ്പുള്ള അവസ്ഥയാണ്. ഇടപെട്ടു കഴിയുമ്പോഴോ? നേരെ വിപരീതമായിരിക്കും. അവർ രക്ഷ പ്രദാനം ചെയ്യുന്നവരായി മാറിയിരിക്കും. നീ മറ്റുള്ളവർക്ക് അപകടം പ്രദാനം ചെയ്യുന്നുവെങ്കിൽ യേശു നിന്റെ ജീവിതത്തിലേക്ക് കടന്നുവരേണ്ടിയിരിക്കുന്നു എന്നർത്ഥം. നീ അതിനു സന്നദ്ധനായാൽ നീ മറ്റുള്ളവർക്കെല്ലാം രക്ഷയും സമാധാനവും പകരുന്നവനായിത്തീരും.

3. യേശു തളർവാതരോഗിക്ക് പാപമോചനവും സൗഖ്യവും പ്രദാനം ചെയ്യുന്നത് അവനെ കിടക്കയോടെ താഴെയിറക്കുന്നവരുടെ വിശ്വാസം കണ്ടിട്ടാണ് (9:2). സ്നേഹിതരുടെ വിശ്വാസപ്രവൃത്തി കാരണമാണ് അവന് സൗഖ്യം കിട്ടുന്നത്. പലരും നമുക്ക് ചുറ്റും തളർവാതത്തിലും രോഗത്തിലും കഴിയുന്നതിന് കാരണം നമ്മുടെ വിശ്വാസക്കുറവു തന്നെയാണ്. മറ്റുള്ളവരുടെ പാപത്തിനും രോഗത്തിനും മുമ്പിൽ നമുക്ക് നിഷ്ക്കളങ്കരായി കൈകഴുകാനാവില്ലെന്നു സാരം. ഉത്തരവാദിത്വം ഏറ്റെടുത്ത് സാമൂഹ്യപ്രതിബദ്ധതയോടെ പ്രതികരിക്കാനുള്ള വിശ്വാസമുണ്ടാകുമ്പോൾ മാത്രമേ രോഗവും പാപവും നമുക്കു ചുറ്റും കുറഞ്ഞുവരുള്ളൂ.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: കൊടുങ്കാറ്റിലും ഇളകാതെ

ടെന്നീസ് ഇതിഹാസ താരമായിരുന്നു ആർഥർ ആഷിൻ. 1983-ൽ ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കപ്പെട്ടപ്പോൾ രക്തം നൽകിയതിൻെറ ഭാഗമായി അദ്ദേഹത്തിൻെറ ശരീരത്തിൽ എയഡ്സ് അണുബാധ പകരുവാൻ ഇടയായി. ദുരന്തം അറിഞ്ഞ് ലോകമെമ്പാടുമുള്ള അസംഖ്യം ആരാധകർ വിഷണ്ണരായി അയച്ച സന്ദേശങ്ങൾ അദ്ദേഹത്തിനു കിട്ടി. അവയിലൊന്നിങ്ങനെയായിരിന്നു, “ഇത്ര വലിയെരു രോഗം; ഇതിനായി ദൈവത്തിന് എന്തു കൊണ്ട് അങ്ങയെ തിരഞ്ഞെടുക്കേണ്ടി വന്നു?

ആഷിൻെറ മറുപടി : ലോകത്ത് 5 കോടി കുട്ടികൾ ടെന്നീസ് കളിക്കുന്നു, 50 ലക്ഷം പേർ ടെന്നീസ് കളി പഠിക്കുന്നു, 5 ലക്ഷം പേർ പ്രൊഫഷണൽ

ടെന്നീസിലെത്തുന്നു, 50,000 പേർ മൽസര സർക്കീട്ടിലും, 5,000പേർ ഗ്രാൻറ് സമിലും, 50 പേർ വിംബിൾഡനിലും, 4പേർ സെമിയിലും, 2പേർ ഫൈന ലിലും എത്തുന്നു. വിജയിക്കുള്ള കപ്പ് ഉയർത്തിപ്പിടിക്കുമ്പോൾ "എന്തകൊണ്ട് എനിക്ക്? എന്ന് ഞാൻ ദൈവത്തോട് ചേദിച്ചിട്ടില്ല. ഇന്ന് വേദനിക്കുമ്പോൾ "എന്തുകൊണ്ട് എനിക്ക്? എന്ന് ഞാൻ ചോദിച്ചുകൂടാ.

ആഴമേറിയ വിശ്വാസമുള്ളവർ കൊടുങ്കാറ്റടിച്ചാലും ഇളകില്ല, ഹൃദയത്തിൽ ദൈവത്തിനിടം നൽകുന്നവനു കൊടുങ്കാറ്റാടിച്ചാലും ഇളകാതെ നിൽക്കാൻ കഴിയും. പ്രതിസന്ധികൾക്കു നടുവിലും ദൈവത്തെ മറക്കാതെ ജീവിക്കുന്ന വർക്കേ ഏതു കാര്യവും ധീരതയോടെ നേരിടുവാൻ കഴിയൂ. ആർഥർ ആഷിൻ കാണിച്ചു തരുന്ന പാഠം ഈ അടിയുറച്ച ദൈവവിശ്വാസത്തിൻെറയും ആഴ മേറിയ ആത്മബലത്തിൻെറയും കഥയാണ്.

ആഴക്കടലിൻെറ നടുവിലും ശാന്തമായി കിടന്നുറങ്ങുന്ന ക്രിസ്തുവിനെ യാണ് സുവിശേഷം അവതരിപ്പിക്കുന്നത്. അലകൾ എത്ര ആഞ്ഞാടിച്ചാലും അവയെ പ്രതിരോധിക്കാനുള്ള വിശ്വാസത്തിൻെറ ആഴമാണ് നമ്മുക്കാവശ്യം. "കടലിൽ ഉഗ്രമായ കൊടുങ്കാറ്റുണ്ടായി, തോണി മുങ്ങത്തക്കവിധം തിരമാല കൾ ഉയർന്നു, അവൻ ഉറങ്ങുകയായിരുന്നു "പഴയനിയമ ഗ്രന്ഥത്തിൽ മോശ ദൈവജനത്തെ വഴിനടത്തുന്നത് ശാന്തമായ ദൈവസാന്നിധ്യത്തിനു കീഴിൽ അടിയുറച്ചു  വിശ്വസിച്ചു കൊണ്ടാണ്. ചെങ്കടൽ പിളർന്നു ദൈവജനത്തിനു വാഗ്ദാന ഭൂമിയിലേക്കു കടന്നുപോകുവൻ വഴിയൊരുക്കി. "മോശ കടലി നുമീതെ കൈനീട്ടി, കർത്താവ് രാത്രി മുഴുവൻ കിഴക്കൻ കാറ്റയച്ച് കടലിനെ പിറകോട്ടു മാറ്റി, കടൽ വരണ്ട ഭൂമിയായി വിഭജിക്കപ്പെട്ടു.ഇസ്രായേൽക്കാർ കടലിനു നടുവേ ഉണങ്ങിയ മണ്ണിലുടെ നടന്നു. അവരുടെ വലത്തും ഇടത്തും വെള്ളം മതിൽ പോലെ നിന്നു."(പുറ.14,21).

ജീവിതത്തിൽ ഉൾക്കടലുകൾ രുപംകൊള്ളുമ്പേൾ ശാന്തമായി പ്രതിക രിക്കുവുന്നവർക്കേ വിജയിക്കുവാൻ കഴിയുകയുള്ളൂ. കൊടുങ്കാറ്റടിക്കുമ്പോൾ 'കർത്താവു ശാന്തമായി ഉറങ്ങുകയായിരുന്നു'. പുറമേ എന്തൊക്കെ കോളി ളക്കം ഉണ്ടായാലും ഉള്ളിൽ ശാന്തതയുള്ളവർക്കേ സമാധനമായി ഉറങ്ങുവാൻ കഴിയൂ. ഒരുവിധത്തിൽ ദൈവത്തോടൊത്തു വസിക്കുവാൻ കഴിയുകയുള്ളു. പുറം മോടികളും മുഖം മൂടികളുമായി   കഴിയുന്നവർക്കും; വലിയ കെട്ടാരം കെട്ടി ജീവിച്ചിട്ടും ഉള്ളിൽ സമാധാനം ഇല്ലാതെ ചിലവഴിക്കുന്നവർക്കും സമാ ധാനമായി ഉറങ്ങുക പ്രയസമായിരിക്കും. കുടുംബം 'ഉൾക്കട'ലിൽ അകപ്പെട്ടോ എന്ന ആകുലതകളോ, ചിലപ്പേൾ കടബാധ്യതകളോ, രോഗാവസ്ഥയോ, മദ്യ പാനത്തിൻെറ ദുശീലങ്ങളൊ, സ്വസ്ഥത നഷ്ടപ്പെടുത്തുന്ന കുടുംബാന്തരീക്ഷ ങ്ങളോ, മക്കളില്ലായെന്ന വ്യസനങ്ങളോ ആകാം പലരുടെയും ആകുലതക ൾക്കും ഉറക്കം കെടുത്തുന്ന തിരമാലകൾക്കം ഇടവരുത്തുന്നത്.

ഉൾക്കടലുകളിൽ രാജകീയ പാതയൊരുക്കി ദൈവം മനുഷ്യനുവേണ്ടി

കാത്തിരിപ്പുണ്ട്. മോശയെ വഴി നടത്തിയതും, യോനായെ മത്സ്യത്തിൻെറ ഉദരത്തിൽ നിന്നും രക്ഷിച്ചതുമെല്ലാം വിശ്വാസത്തോടെയുള്ള പ്രാർത്ഥ നകളായിരുന്നു. അറ്റ്ലാൻറാ തീരത്ത് പാർത്തിരുന്ന ഒരു കർഷകൻെറ കഥയു ണ്ട്-കൂടെക്കുടെ വലിയ കാറ്റടിച്ച് വയ്ക്കോൽ കൂനയും ധാന്യപ്പുരയുമെല്ലാം നശിക്കുന്ന സ്ഥലം. അവയെല്ലാം നന്നായി നോക്കി നടത്തുവാൻ കഴിവുള്ള ഒരു സേവകനുവേണ്ടി കർഷകൻ ആവർത്തിച്ചു പരസ്യം ചെയ്തു പോന്നു, കൊടിയ കാലാവസ്ഥ വിതയ്ക്കുന്ന നാശങ്ങളോർത്ത് ആരും സഹായത്തി നെത്താറില്ല. ഒടുവിൽ ഒരു കുറിയ മധ്യവയസ്ക്കൻ വന്നെത്തി, ”തനിക്ക് കൃഷിയിടങ്ങളിൽ ക,ാര്യക്ഷമമായി പണിയെടുത്ത് എല്ലാം സൂക്ഷിക്കാൻ കഴിയുമോ?” ഉദ്യോഗാർത്ഥിയുടെ മറുപടി :“ കൊടുങ്കാറ്റടിക്കുമ്പേൾ എനിക്കു റങ്ങാൻ കഴിയും”. ഉത്തരം വ്യക്തമല്ലെങ്കിലും സഹായിക്കുവേണ്ടി കാത്തിരു ന്നു കഷ്ടപ്പെട്ട കർഷകൻ ആഗതന് നിയമനം നൽകി.

ഒരുനാൾ രാവേറെ ചെന്നപ്പേൾ കൊടുങ്കാറ്റിൻെറ ഭീകരമായ ചൂളം വിളികേട്ട് പകച്ചും കർഷകൻ ചാടീയെണീറ്റ് റാന്തൽ വിളക്കുമായി പരിഭ്രാന്തിയോടെ സേവകൻെറ പുരയിലേയ്ക്ക് കുതിച്ചു. അയാളെ തട്ടിവിളിച്ച്, കൂരകളടക്ക മെല്ലാം ഉടൻ കെട്ടിയുറപ്പിക്കാൻ നിർദേശം നൽകി.

“ഇല്ല സർ കൊടുങ്കാറ്റാടിക്കുമ്പോൾ എനിക്ക് ഉറങ്ങാൻ കഴിയുമെന്ന് അന്നേ ഞാൻ പറഞ്ഞതല്ലേ? അയാൾ നിസ്സംഗനായി തിരിഞ്ഞു കിടന്നു. ക്ഷമ നശിച്ച കർഷകൻ ഇതുകൊണ്ടു തന്നെ സേവകനെ പറഞ്ഞയയ്ക്ക ണമെന്ന് മനസ്സിൽ കരുതിക്കൊണ്ട്, രക്ഷാപ്രവർത്തനത്തിനായി കൃഷി യിടത്തിലേയ്ക്ക് പാഞ്ഞു. അവിടെ കണ്ടകാഴ്ച്ച കർഷകനെ സ്തബ്ധനാക്കി. വയ്ക്കോൽ കൂനകളെല്ലാം ടർപ്പോളിനിട്ട് വരിഞ്ഞു കെട്ടി ഭദ്രമാക്കിയിരി ക്കുന്നു, പശുക്കളെല്ലാം സുരക്ഷിത സ്ഥാനത്ത്, കോഴികളെയെല്ലാം ഉറപ്പുള്ള കൂടുകളിലാക്കി കതകുകൾ ശക്തമായി ബന്ധിച്ചിരിക്കുന്നു. എല്ലാം ഭംഗി യായി കെട്ടിയുറപ്പിച്ചിരിക്കുകയാണ്. കുടുതലൊന്നും ചെയ്യാൻ പഴുതുപോലു മില്ല. ഒന്നും കാറ്റത്ത് പറന്നു പോകില്ല. അപ്പോഴാണ് അയാളുടെ മറുപടിയുടെ ഗൗരവം മനസ്സിലായത്.

കൊടുങ്കാറ്റടിക്കുമ്പോൾ ഉറങ്ങുവാൻ കഴിയുന്നവൻ തികഞ്ഞ ആത്മവിശ്വാ സമുള്ളവനായിരിക്കും. മനുഷ്യൻെറ പതർച്ചയിലും ഇടർച്ചയിലും കൂട്ടായി നടക്കുന്ന തമ്പുരാനെയാണ് സുവിശേഷം അവതരിപ്പിക്കുന്നത് .ജീവിതത്തിൽ ഏതു കൊടുങ്കാറ്റാടിക്കുന്ന സന്ദർഭത്തിലും ക്രിസ്തുവിൻെറ അടയാളങ്ങളെ നമുക്കും ശിരസ്സിൽ വഹിക്കാം, പ്രതികൂല സാഹചര്യങ്ങളെ അഭിമുഖീകരി ക്കേണ്ടി വരുമ്പോൾ കാലിടറാതെ ദൈവത്തിൽ ആശ്രയം വച്ച് നമുക്ക് മുന്നോട്ടു പോകാം.

**ഫാ. സുബിൻ കിടങ്ങേൽ**